SUPRABHATHAM - 13-03-2025

# സൗജന്യ സംരംഭക സെമിനാർ 18 ന്

**കൊച്ചി** ▸ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ.സി.എ.ആർ സിഫ്റ്റിലെ സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്റർ വിഭാഗം അഗ്രിഇന്നോവേറ്റ് ഇന്ത്യ, ഐ.സി.എ.ആർ ഐ.പി ആൻഡ് ടി.എം യൂണിറ്റ്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് എന്നിവയുമായി സഹകരിച്ച് ഫിഷറീസ് മേഖലയിലെ സംരംഭകത്വ സാധ്യതകൾ വികസിപ്പിക്കുന്നതിനായി 'അക്വാബിസ് 2.0' എന്ന പേരിൽ ഏകദിന സൗജന്യ സംരംഭക സെമിനാർ സംഘടിപ്പിക്കുന്നു.

18ന് രാവിലെ ഒൻപത് മണിക്ക് തുടങ്ങുന്ന സംരംഭക സെമിനാർ കൊച്ചിയിലെ പനമ്പിള്ളി നഗറിലുള്ള ഹോട്ടൽ അവന്യൂ സെന്ററിലാണ് നടക്കുക.

ഐ.സി.എ.ആറിന് കീഴിലുള്ള ഫിഷറീസ് ഗവേഷണ സ്ഥാപനങ്ങളിലെ പുതിയ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുക എന്നതാണ് അക്വാബിസ് 2.0 ലക്ഷ്യമിടുന്നത്. മൽസ്യബന്ധന മേഖലയിലെ സാങ്കേതികവിദ്യ പുരോഗതികൾ, അലങ്കാര മൽസ്യങ്ങളുടെ പ്രജനനവും വളർത്തലും, ചെലവ് കുറഞ്ഞതും പോഷകസമൃദ്ധവുമായ മത്സ്യ തീറ്റ ഫോർമുലേഷനുകൾ തുടങ്ങിയവ സെമിനാറിൽ അവതരിപ്പിക്കും.

കൂടാതെ മൽസ്യസംസ്കരണത്തിനുള്ള നൂതന സാങ്കേതിക വിദ്യകൾ, മൽസ്യത്തിലെ നിന്നുള്ള മൂല്യവർധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കൽ,ന്യൂട്രാസ്യൂട്ടിക്കൽ ഉൽപ്പന്നങ്ങൾ, ഉയർന്ന മൂല്യമുള്ള മൽസ്യ ഉപോൽപ്പന്നങ്ങൾ എന്നിവ ഈ പരിപാടിയിൽ പരിചയപ്പെടുത്തും.

സമുദ്രോത്പന്ന വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, മത്സ്യമേഖലയുമായി ബന്ധമുള്ളവർ, സംരംഭകർ എന്നിവർക്കെല്ലാം ഐ.സി.എ ആർ സിഫ്ട് വെബ്സൈറ്റ് വഴിയോ താഴെക്കൊടുത്തിരിക്കുന്ന മെയിൽ ഐ.ഡി വഴിയോ രജിസ്റ്റർ ചെയ്ത് സെമിനാറിൽ പങ്കെടുക്കാവുന്നതാണ്. രജിസ്ട്രേഷൻ 16ന് അവസാനിക്കും. www.cift.res.in, ztmcfisheries@gmail.com.